## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3892 — 21.06.2018-ൽ മറുപടിക്ക്

## സർചാർജ്ജ് നടപടിയുടെ ഭാഗമായി റവന്യൂ റിക്കവറി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.ആൻസലൻ | | ശ്രീ.കടകംപള്ളി സുരേന്ദ്രൻ<br>(ബഹു.സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | കേരള സഹകരണ നിയമം വകുപ്പ് 86 അനുസരിച്ച് സഹകരണ സംഘം ഭാരവാഹികളിൽ സർചാർജ്ജ് നടപടിയുടെ ഭാഗമായി എത്ര പേർക്ക് എതിരെ റവന്യൂ റിക്കവറി ആക്റ്റ് അനുസരിച്ച് നടപടികൾ സ്വീകരിച്ചു എന്നും അവരുടെ പേരുവിവരവും വ്യക്തമാക്കാമോ; | (എ) | കേരള സഹകരണ നിയമം വകുപ്പ് 68 അനുസരിച്ച് സഹകരണ സംഘം ഭാരവാഹികളിൽ സർചാർജ്ജ് നടപടിയുടെ ഭാഗമായി 31 പേർക്കെതിരെ റവന്യൂ റിക്കവറി ആക്റ്റ് അനുസരിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അവരുടെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**I കാഞ്ഞിരപ്പള്ളി ഹൗസിംഗ് സംഘം കെ. 372. കോട്ടയം.**<br><br>1. ശ്രീമതി. ആലീസ് ബേബി<br>2. ശ്രീ. ബാബു പുതക്കുഴി<br>3. ശ്രീ. പി.ഡി. ആന്റണി<br>4. ശ്രീ.എൻ.സി. ചാക്കോ<br>5. ശ്രീ. ജോസഫ് തോമസ്<br>6. ശ്രീ. പി.എം. തോമസ്<br>7. ശ്രീ. റ്റി. എം. ജോസഫ്<br>8. ശ്രീമതി. ത്രേസ്യമ്മ ജോസഫ്<br>9. ശ്രീ. ലൂക്കോസ് ജോസഫ്<br>10. ശ്രീ. ചാക്കോ സി.തോമസ്<br>11. ശ്രീ. കെ.ജെ. ജോർജ്ജ്<br>12. ശ്രീ.പി.സി. സെബാസ്റ്റ്യൻ<br><br>**II കോലഞ്ചേരി റൂറൽ സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ 1072, എറണാകുളം.**<br><br>1. ശ്രീ. കെ.കെ. ചന്ദ്രൻ<br>2. ശ്രീ. പി.വി. ദാസൻ<br>3. ശ്രീ. എം.എൻ. ചന്ദ്രൻ<br>4. ശ്രീ. എ.വി. ജോയ്<br>5. ശ്രീ. മുണ്ടയ്ക്കൽ രാധാകൃഷ്ണൻ |

| | | | |
|---|---|---|---|
| | | | 6. ശ്രീ. വി.എൻ. സുരേഷ്<br><br>**III വടക്കേക്കാട് സർവ്വീസ് സഹകരണ ബാങ്ക് എഫ്. 562, തൃശ്ശൂർ**<br><br>1. ശ്രീ. ഫസലുൽ അലി<br>2. ശ്രീ. എ.എം. മൊയ്തുണ്ണി<br>3. ശ്രീ. എം.എ. ആദിത്യൻ<br>4. ശ്രീ. ടി.കെ. സിസിലി<br>5. ശ്രീ.എ.ഇ. അബൂബക്കർ<br>6. ശ്രീ. വി. ബാലകൃഷ്ണ മേനോൻ<br>7. ശ്രീ. മാരാത്ത് മുഹമ്മദ്<br>8. ശ്രീ.എൻ.എൻ. ഹസൻ<br>9. ശ്രീ. ലൂക്കോസ്<br>10. ശ്രീ. എം.എസ്. ശ്രീധരൻ<br>11. ശ്രീ. വിജയൻ<br>12. ശ്രീമതി. പ്രീതി ഉണ്ണികൃഷ്ണൻ<br><br>**IV കുരാച്ചുണ്ട് അർബൻ സഹകരണ സംഘം, കോഴിക്കോട്**<br><br>ശ്രീ. ഫ്രാൻസിസ് ദേവസ്യ |
| (ബി) | 2016 മുതൽ 2018 ഏപ്രിൽ മാസം വരെ മേൽപ്പറഞ്ഞ പ്രകാരം എത്ര പേർക്ക് എതിരെ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ: | (ബി) | മേൽ പറഞ്ഞപ്രകാരം സർചാർജ്ജ് നടപടി സ്വീകരിച്ചിരുന്ന 31 പേരിൽ ആരും തന്നെ 2016 മുതൽ 2018 ഏപ്രിൽ മാസം വരെയുള്ള കാലയളവിൽ ഉൾപ്പെടുന്നവരല്ല. |
| (സി) | ജോയിന്റ് രജിസ്ട്രാർക്ക് സർക്കാർ അനുമതി ഇല്ലാതെ സർചാർജ്ജ് നടപടിയുടെ ഭാഗമായി റവന്യൂ റിക്കവറി നടത്തുന്നതിന് കഴിയുമോ എന്ന് വ്യക്തമാക്കാമോ; | (സി) | ജോയിന്റ് രജിസ്ട്രാർക്ക് സർക്കാർ അനുമതി ഇല്ലാതെ റവന്യൂ ഡിപ്പാർട്ട്മെന്റ് മുഖേന റവന്യൂ റിക്കവറി നടത്താവുന്നതാണ്. |
| (ഡി) | ഓഡിറ്റ് പൂർത്തീകരിച്ചതിനുശേഷം ഏതെങ്കിലും ക്രമക്കേടുകൾ കണ്ടെത്തി റീ-ഓഡിറ്റ് നടത്തിയിട്ടുണ്ടോ; എങ്കിൽ പൂർത്തീകരിച്ച ഓഡിറ്റ് സർട്ടിഫിക്കറ്റ് റദ്ദ് ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; എത്ര സ്ഥലങ്ങളിൽ എത്ര ഓഡിറ്റ് റിപ്പോർട്ട് റദ്ദ് ചെയ്തിട്ടുണ്ട്; | (ഡി) | ഓഡിറ്റ് പൂർത്തീകരിച്ചതിനുശേഷം ക്രമക്കേടുകൾ കണ്ടെത്തി റീ-ഓഡിറ്റ് നടത്തിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ ആർ. 923 തൃശ്ശൂർ ജില്ലാ പാഡി മാർക്കറ്റിംഗ് ആന്റ് പ്രോസസ്സിംഗ് സഹകരണ സംഘത്തിന്റെ ആഡിറ്റ് സർട്ടിഫിക്കറ്റ് റദ്ദ് ചെയ്ത് പുതിയ ആഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. ടി സംഘത്തിന്റെ 2007-08 വർഷം മുതൽ 2010-11 വർഷം വരെയുള്ള (നാല് വർഷത്തെ) ആഡിറ്റ് റിപ്പോർട്ട് റദ്ദ് ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | അതിൽ തിരുവനന്തപുരം ജില്ലയിൽ അത്തരം ഓഡിറ്റ് സർട്ടിഫിക്കറ്റ് റദ്ദ് ചെയ്ത സഹകരണ സ്ഥാപനങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ? | (ഇ) | തിരുവനന്തപുരം ജില്ലയിൽ ആഡിറ്റ് സർട്ടിഫിക്കറ്റ് റദ്ദ് ചെയ്ത സഹകരണ സ്ഥാപനങ്ങൾ ഒന്നും തന്നെയില്ല. |

സെക്ഷൻ ഓഫീസർ